## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** | **02-08-2021 - ൽ മറുപടിയ്ക്ക്**

## വിഷൻ ആൻഡ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സമഗ്ര നവീകരണത്തിനും പ്രവർത്തന മികവിനുമായി വിഷൻ ആൻഡ് മിഷൻ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | 2021-2026 വർഷ കാലയളവിൽ റവന്യൂ, സർവ്വെ, ഭവനനിർമ്മാണ വകുപ്പുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖയെന്ന നിലയിലാണ് വിഷൻ ആൻഡ് മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെയും എം.എൽ.എ. മാരുമായി റവന്യൂ വകുപ്പ് മന്ത്രി വകുപ്പുതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം യോഗം ചേർന്ന് അതത് നിയോജകമണ്ഡലങ്ങളിൽ നടപ്പേക്കേണ്ട പദ്ധതികൾ/ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. കൂടാതെ വകുപ്പു തലവന്മാരുടെയും ജില്ലാ കളക്ടർമാരുടെയും സബ് കളക്ടർമാരുടെയും ഡെപ്യൂട്ടി കളക്ടർ മാരുടെയും തഹസിൽദാർമാരുടെയും ലാൻഡ് ബോർഡ് ചെയർമാൻ മാരുടെയും ലാൻഡ് ട്രിബ്യൂണൽ ഉദ്യോഗസ്ഥരുടെയും വില്ലേജ് ഓഫീസർമാരുടെയും യോഗങ്ങൾ റവന്യൂ-ഭവനനിർമ്മാണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേരുകയും വിശദാംശങ്ങൾ ശേഖരിക്കുകയുമുണ്ടായി. അതോടൊപ്പം പദ്ധതി നടത്തിപ്പിന് വേഗം വർദ്ധിപ്പിക്കുകയും മറ്റും ലക്ഷ്യമിട്ട് റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. വിഷൻ ആന്റ് മിഷൻ 2021-26-ന്റെ ആശയ രൂപീകരണത്തിനും പ്രാവർത്തികമാക്കുന്നതിനും മേൽനോട്ടം |

| | | | |
|---|---|---|---|
| | | | വഹിക്കുന്നതിനായി ലാന്റ് റവന്യു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെല്ലും രൂപീകരച്ചിട്ടുണ്ട്. അപ്രകാരമെല്ലാം ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റവന്യൂ, സർവ്വെ, ഭവനനിർമ്മാണ വകുപ്പുകളുടെ അടുത്ത അഞ്ചുവർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് മുൻകൂർ തീരുമാനിച്ച് അതനുസരിച്ച് മുന്നോട്ട് പോകുക എന്നത് ലക്ഷ്യമിട്ടാണ് വിഷൻ ആൻഡ് മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ